## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4364** **18-07-2022 - ൽ മറുപടിയ്ക്ക്**

## പ്രിയദർശിനി സഹകരണ ആശുപത്രിയിലെ നിക്ഷേപ തുക തിരികെ നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി മൂത്തേടത്ത് വീട്ടിൽ ശ്രീ. എം.പി. സിദ്ധാർത്ഥൻ, ശ്രീമതി യു.ബി. ബീന എന്നിവർ പ്രിയദർശിനി സഹകരണ ആശുപത്രിയിൽ നിക്ഷേപിച്ച തുകയും പലിശയും തിരികെ കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05.04.2022 ന് ഓൺലൈനായി ചേർന്ന യോഗ തീരുമാന പ്രകാരം സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | 05/04/2022 ന് ഓൺലൈനായി സഹകരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കോടതിവിധി പാലിക്കുന്നതിന് സഹകരണ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28/05/2022 തീയതിയിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ആഫീസിൽ വച്ച് നടന്ന നേർവാദത്തിൽ, ശ്രീ. എം.പി. സിദ്ധാർത്ഥൻ, ശ്രീമതി. യു.ബി. ബീന എന്നിവരുടെ നിക്ഷേപതുക സംബന്ധിച്ച കോടതിവിധി പാലിക്കുന്നതിന് 24.06.2022 ൽ തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക ഇതുവരെ മടക്കി നൽകിയിട്ടില്ല. പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തുക മടക്കി നൽകിയിട്ടുണ്ടോ എന്നും പരാതി പരിഹരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (ബി) | 05/04/2022 ന് ഓൺലൈനായി സഹകരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കോടതിവിധി പാലിക്കുന്നതിന് സഹകരണ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28/05/2022 തീയതിയിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ആഫീസിൽ വച്ച് നടന്ന നേർവാദത്തിൽ, ശ്രീ. എം.പി. സിദ്ധാർത്ഥൻ, ശ്രീമതി. യു.ബി. ബീന എന്നിവരുടെ നിക്ഷേപതുക സംബന്ധിച്ച കോടതിവിധി പാലിക്കുന്നതിന് 24.06.2022 ൽ തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക ഇതുവരെ മടക്കി നൽകിയിട്ടില്ല. പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ